ജി.സി.ഡി.എ., കൊച്ചി-20
നമ്പർ. 2929/എഫ്.ബി-1/2016/ജിസിഡിഎ    തീയതി, 10/02/2017

## താൽപര്യപത്രം

വിഷയം:- ജിസിഡിഎ-ധനകാര്യ വിഭാഗം- അതോറിറ്റിയുടെ ആദായനികുതി സംബന്ധമായ പ്രവൃത്തികൾ - താൽപര്യപത്രം ക്ഷണിക്കുന്നത് - സംബന്ധിച്ച്.

----------

വിശാലകൊച്ചി വികസന അതോറിറ്റിയുടെ അക്കൗണ്ട്സ് ഓഡിറ്റിംഗ്, ആദായ നികുതി റിട്ടേൺ ഫയലിംഗ് മുതലായവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, സ്ഥിരമായി ചെയ്യുന്നതിന് ഒരു സീനിയർ ചാർട്ടേഡ് അക്കൗണ്ടന്റിനെ കരാറടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആയതിനാൽ, താഴെ പറയുന്ന സേവന മേഖലയിൽ വിദഗ്ദ്ധനും പരിചയസമ്പന്നനുമായ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സേവനമാണ് ആവശ്യമുള്ളത്.

1. ആദായ നികുതി റിട്ടേൺ തയ്യാറാക്കൽ, സമർപ്പണം, നികുതി ഡിമാന്റ്/നിർണ്ണയം തുടങ്ങിയ കാര്യങ്ങളിൽ പ്രസക്ത നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഉചിതമായ ഉപദേശവും മേൽനോട്ടവും, നിയമപരമായ നടപടികൾ വേണ്ടി വരുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട വക്കീലുമായി പ്രസക്ത വിവരങ്ങൾ ചർച്ച ചെയ്ത് അതോറിറ്റിക്ക് അനുകൂലമായ തീരുമാനങ്ങൾ/ നടപടികൾ നിർദ്ദേശിക്കൽ, നികുതി നിർണ്ണയ ഹിയറിംഗുകളിൽ അതോറിറ്റിയെ പ്രതിനിധീകരിച്ച് ആദായനികുതി അധികാരികളുമായി പ്രസക്ത വിഷയങ്ങൾ വിശദീകരിക്കൽ, അനുബന്ധ സേവനങ്ങൾ, അക്കൗണ്ട്സ്& ടാക്സ് ഓഡിറ്റിംഗ് മുതലായവ.

2. ഇതിനകം സമർപ്പിക്കപ്പെട്ട ആദായനികുതി റിട്ടേണുകൾ പുനഃപരിശോധിച്ച് ആവശ്യമെങ്കിൽ അതോറിറ്റിയുടെ കണക്കുകളും നികുതി റിട്ടേണുകളും യഥോചിതം/ നിയമാനുസൃതം മാറ്റം വരുത്തി തയ്യാറാക്കി സമർപ്പിക്കുന്ന ജോലി ഏറ്റെടുക്കുക/ നികുതി ബാദ്ധ്യത കുറയ്ക്കുന്നതിനുള്ള/നികുതിയിളവ് ലഭിയ്ക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുക.

3. നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം പൂർണ്ണമായും പരിശോധിച്ച് ആവശ്യമായ പരിഷ്കരണം/ തിരുത്തൽ നിർദ്ദേശിക്കുക.

4. സേവനനികുതി/ ജി.എസ്.റ്റി/ ഇതര നികുതി വിഷയങ്ങൾ തുടങ്ങിയവയിൽ ആവശ്യമുള്ള ഉപദേശവും നിർദ്ദേശങ്ങളും മേൽനോട്ടവും നൽകുക.

5. നികുതി വിഷയം / അതോറിറ്റിയുടെ കണക്കുകൾ തയ്യാറാക്കുന്ന രീതി/ അതോറിറ്റി യുടെ സ്റ്റാറ്റസ് മാറ്റം തുടങ്ങിയ വിഷയങ്ങളിൽ പഠനം, ഉചിതമായ നടപടികൾ നിർദ്ദേശിക്കൽ, സർക്കാർ ഇതരവകുപ്പുകൾ തുടങ്ങിയവയുമായി ബന്ധപ്പെടൽ മുതലായ സേവനങ്ങൾ

6. അതോറിറ്റിയോട് ബന്ധപ്പെട്ട് പ്രസക്തമായ ഇതര ജോലികൾ/ സേവനങ്ങൾ (Financial Management, Resource Mobilisation, Budgeting, Budget contrtols etc.).

മേൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ താൽപര്യമുള്ള ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനങ്ങൾ പ്രതീക്ഷിക്കുന്ന പ്രതിഫല നിരക്കുകൾ, ഇതര വ്യവസ്ഥകൾ എന്നിവ ഉടനെ തന്നെ അതോറിറ്റിയെ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു. കൂടാതെ, ബന്ധപ്പെട്ട ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന് കൺസൽട്ടൻസി /പ്രൊഫഷണൽ സേവനരംഗത്ത് എത്രവർഷത്തെ സേവനപരിചയം ഉണ്ടെന്നും അറിയിക്കുന്നതും ഉചിതമായിരിക്കും എന്നുമറിയിക്കുന്നു.

മറുപടി/സമ്മതപത്രം 28/02/2017 നകം അതോറിറ്റിയുടെ ഓഫീസിൽ എത്തേണ്ടതാണ്.

(ഒപ്പ്)
സെക്രട്ടറി

VR